പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.2526

17/8/2017 ലെ മറുപടിയ്ക്ക്

## "വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് പെൻഷൻ"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.ആരിഫ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്നും പെൻഷൻ കൊടുക്കുമെന്നുള്ള 2016-17 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്മേൽ തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;<br>(ബി) പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (എ) യും (ബി) യും കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. പെൻഷൻ നടപ്പാക്കുമെന്ന് 2016-17 ലെ ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടായിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ടി ബോർഡിന്റെ 21/06/2017 ലെ 42-ാം ഭരണ സമിതി യോഗം, പെൻഷൻ പദ്ധതി സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09/08/2017 തീയതിയിലെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ